മാതൃഭൂമി
15 July 2025

# 'സ്രാവ് സംരക്ഷണം കർശനമാക്കുമ്പോൾ മത്സ്യത്തൊഴിലാളികളെ പരിഗണിക്കണം'




സ്രാവ് ബോധവത്കരണ ദിനത്തോടനുബന്ധിച്ച് സിഎംഎഫ്ആർഐയിൽ നടന്ന ശില്പശാല സിജിഎസ്ടി ആൻഡ് കസ്റ്റംസ് ചീഫ് കമ്മിഷണർ ഷെയ്ഖ് ഖാദർ റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു

**കൊച്ചി** ▸ സ്രാവ് സംരക്ഷണ നടപടികൾ കർശനമാക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗം പരിഗണിക്കണമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമായ സിഎംഎഫ്ആർഐയിൽ നടന്ന ശില്പശാലയിൽ വിദഗ്ധർ ആവശ്യപ്പെട്ടു. ലോക സ്രാവ് ബോധവത്കരണ ദിനത്തോടനുബന്ധിച്ചായിരുന്നു ശില്പശാല.

സിജിഎസ്ടി ആൻഡ് കസ്റ്റംസ് ചീഫ് കമ്മിഷണർ ഷെയ്ഖ് ഖാദർ റഹ്മാൻ ശില്പശാല ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് അധ്യക്ഷനായി.

കേന്ദ്ര ഫിഷറീസ് ജോയിന്റ് സെക്രട്ടറി നീതുകുമാരി പ്രസാദ്, ഡോ. ശോഭ ജോ കിഴക്കൂടൻ, ഡോ. ടി.എം. നജ്മുദ്ദീൻ എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ഫിഷറീസ്-വന്യജീവി വകുപ്പുകൾ, കസ്റ്റംസ്, കോസ്റ്റ് ഗാർഡ്, നാവികസേന ഉദ്യോഗസ്ഥർ, ഗവേഷകർ, കയറ്റുമതി, വിവിധ എൻജിഒ പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.